വിശ്വസാഹിത്യമാല

വിചാരണ

ഫ്രാൻസ് കാഫ്ക

ബാങ്ക് ഉദ്യോഗസ്ഥനായ ജോസഫ് കെ. അകാരണമായി ഒരു സുപ്രഭാതത്തിൽ അറസ്റ്റു ചെയ്യപ്പെടുന്നു. അറസ്റ്റിനുള്ള കാരണം ചോദിച്ച അയാൾക്ക് ആരും മറുപടി കൊടുക്കുന്നില്ല. കോടതിയിലെ അയാളുടെ വിചാരണ വെറും പ്രഹസനമായി മാറുന്നു. അറസ്റ്റിനുള്ള കാരണം കോടതിക്കും നിശ്ചയമില്ലായിരുന്നു. വക്കീലിനെ പോയി കണ്ട അയാൾക്ക് കിട്ടിയ മറുപടി, അറസ്റ്റിനുള്ള കാരണം അറിവില്ലാത്തതിനാൽ കേസ് വാദിക്കാൻ നിവൃത്തിയില്ല എന്നായിരുന്നു. ഒറ്റപ്പെട്ട മനുഷ്യൻ ആത്മാവിൽ വഹിക്കുന്ന വിഷാദഭാരത്തിന്റെയും അവന്റെ മനസ്സിനെ ഗ്രസിക്കുന്ന കഠിനമായ ഉത്കണ്ഠയുടെയും ചിത്രീകരണമാണ് *വിചാരണ*. ഫ്രാൻസ് കാഫ്കയുടെ എക്കാലത്തെയും ക്ലാസ്സിക് സൃഷ്ടി *ദ ട്രയലിന്റെ* സംഗൃഹീത പുനരാഖ്യാനം.

സംഗൃഹീത പുനരാഖ്യാനം : **കെ. ജെ. ജേർളി**

കവർ ഡിസൈൻ: ഡിസൈൻ ഡിഫറൻസ്

ഡിസി ബുക്സ്

www.dcbooks.com

ISBN 978-81-264-7366-3

9 788126 473663 00001

നോവൽ

E-book available

₹ 150

ഫ്രാൻസ് കാഫ്ക • വിചാരണ

dcb

വിശ്വസാഹിത്യമാല

വിചാരണ

ഫ്രാൻസ് കാഫ്ക

T8M3 KAF/V
CASMTVK
1182

dcb

The Trial | Franz Kafka

വിചാരണ

College of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu 678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1182 Call No. 1182

This book should be returned on or before the date last given below.

16-09-18
2 NOV 2018

T8M3 KAF/V
CASMTVK
1182

e Library TVK
82
/V

ഫ്രാൻസ് കാഫ്ക
(1883 - 1924)

ഇരുപതാം നൂറ്റാണ്ടിലെ എണ്ണപ്പെട്ട ജർമ്മൻ എഴുത്തുകാരിൽ ഒരാളായിരുന്നു ഫ്രാൻസ് കാഫ്ക. പഴയ ഓസ്ട്രോഹംഗേറിയൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ബൊഹേമിയയിൽ, ഇന്നു ചെക്ക് ഗണരാജ്യത്തിന്റെ തലസ്ഥാനമായിരിക്കുന്ന പ്രാഗ് നഗരത്തിലാണ് അദ്ദേഹം ജനിച്ചത്. പഴയ പ്രാഗിലെ നഗരചത്വരത്തിൽ വിശുദ്ധ നിക്കോളാസിന്റെ പള്ളിക്കടുത്തുള്ള അദ്ദേഹത്തിന്റെ ജന്മവീട് ഇന്ന് കാഫ്ക മ്യൂസിയമായി പരിരക്ഷിക്കപ്പെട്ടിരിക്കുന്നു.

കാഫ്കയുടെ മിക്ക കൃതികളും മരണശേഷമാണ് പ്രസിദ്ധീകരിച്ചത്. അവയിൽ പലതും അപൂർണ്ണങ്ങളാണ്. അവ പൊതുവേ, നിരർത്ഥകതയുടെയും അതിയാഥാർത്ഥ്യ സംഭവങ്ങളുടെയും സാധാരണ സംഭവങ്ങളുടെയും മിശ്രിതമാണ്. 'കാഫ്കയിസ്ക്' എന്ന ഒരു പദംതന്നെ അദ്ദേഹത്തിന്റെ രചനാശൈലിയെ സൂചിപ്പിക്കുന്നതായി നിലവിലുണ്ട്. *The Metamorphosis, The Trial, The Judgment, The Castle, Contemplation, A Hunger Artist, Letters to Fel-ice* എന്നിവ പ്രധാന കൃതികൾ.

ഫ്രാൻസ് കാഫ്ക

വിചാരണ

സംഗൃഹീത പുനരാഖ്യാനം
കെ.ജെ. ജേർളി

ഡി സി ബുക്സ്

MALAYALAM LANGUAGE

ORIGINAL GERMAN TITLE
Der Prozess

ENGLISH TITLE
The Trial

NOVEL
by Franz Kafka

MALAYALAM TITLE
Vichārana

Translated by K.J. Jerly

© D C Books

Rights Reserved
First Published August 2016

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Kafka, Franz.
Vicharana / Franz Kafka.
160p., 21cm. (Viswasahithyamala).
ISBN 978-81-264-7366-3.
Retold by K.J. Jerly.
Malayalam retelling of 'The trial.'
1. German novel. 2. Malayalam translation.
I. Title. II. Title - English. III. Series. IV. Jerly, K.J.
808.8 - dc 22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-7366-3.

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹. 150.00

429/16-17-Sl.No. 15281-dcb 6463-2000-3758-08-16-Itc. 17.0-p sd-r ar-d sc

കഥാപാത്രപരിചയം

കെ.
മുഴുവൻ പേര് ജോസഫ് കെ. കാഫ്കയുടെ കൃതികളിൽ ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്ന, അദ്ദേഹത്തിന്റെ ആത്മകഥാംശം വഹിക്കുന്ന കേന്ദ്രകഥാപാത്രം. ചെയ്തിട്ടില്ലാത്ത കുറ്റത്തിന്റെ പേരിൽ അറസ്റ്റുചെയ്യപ്പെട്ട്, നിയമത്തിന്റെ രാവണൻകോട്ടയിൽ അന്തമില്ലാതെ അലഞ്ഞ്, കഥാന്ത്യത്തിൽ തന്നിലാരോപിക്കപ്പെട്ട കുറ്റമേത് എന്നുപോലും അറിയാതെ, വധശിക്ഷയ്ക്കു വിധേയനാക്കപ്പെടുന്ന നിസ്സഹായനായ മനുഷ്യൻ. സമകാലീനലോകത്തിൽ, കാഫ്ക വിഭാവനം ചെയ്തതിനെക്കാളേറെ പ്രസക്തമായ കഥാപാത്രം. നിയമത്തിന്റെ ഇരുൾമൂടിയ വഴികളിലൂടെ അയാൾ നടത്തുന്ന ഏകാന്തപ്രയാണമാണ് *വിചാരണ* എന്ന ഈ നോവലിന്റെ ഇതിവൃത്തം.

ആൽബർട്ട്
കെ.യുടെ അമ്മാവൻ. ഒരേകാന്തപഥികനായതിനാൽ കെ. അമ്മാവനുമായി വലിയ മമതാബന്ധമൊന്നും പുലർത്തുന്നില്ല. എങ്കിലും, അമ്മാവൻ കെ.യുടെ കാര്യത്തിൽ കാര്യമായ ശ്രദ്ധ പുലർത്തുന്നുണ്ട്. ഒരെടുത്തുചാട്ടക്കാരനായ ഇദ്ദേഹമാണ് കെ.യുടെ കേസ്സിൽ തന്റെ സുഹൃത്തായ ഒരഭിഭാഷകനെ വയ്ക്കാൻ അയാളെ പ്രേരിപ്പിക്കുന്നത്. അങ്ങനെ നോവലിന്റെ ഗതിയെ മാറ്റിമറിക്കുന്ന ഒരു കഥാപാത്രമാണ് ആൽബർട്ട്.

ഡോക്ടർ ഹുൾഡ്
അഭിഭാഷകൻ. ഇദ്ദേഹത്തെയാണ് കെ.യുടെ അമ്മാവൻ കേസ് വിശ്വസിച്ചേല്പിച്ചിരിക്കുന്നത്. എന്നാൽ മഹാതന്ത്രശാലിയായ ഇദ്ദേഹം തന്റെ പ്രഭാഷണചാതുര്യംമാത്രം കൈമുതലാക്കി, കെ.യുടെ കേസ്സിന്റെ പ്രാഥമിക ഹർജിപോലും സമർപ്പിക്കാതെ കേസ് നീട്ടിക്കൊണ്ടുപോവുകയാണ്. തന്റെ കക്ഷികളോട് ഒരു മദ്ധ്യയുഗത്തിലെ മാടമ്പിയുടെ അധികാരപ്രമത്തതയാണയാൾ കാണിക്കുന്നത്.

ലേനി
ഹുൾഡ് എന്ന വൃദ്ധനായ അഭിഭാഷകന്റെ വീട്ടുജോലിക്കാരി. വക്കീലിന്റെ കക്ഷികളെ അയാളിൽതന്നെ തളച്ചിടുന്നതിൽ വിദഗ്ധ. ഇതിനായി കക്ഷികളുമായി അടുത്തിടപഴകാൻവരെ അവൾ തയ്യാറാണ്.